കാവ്യകലയിലെ പുതുനാമ്പായി ചെറുകവിതകളെഴുതി പുതുമാനങ്ങൾ സ്വായത്തമാക്കിയ ടി. ഐശ്വര്യയെ ഇതിനകം നാമേവരും അറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ടി ബിയുടെ പേജുകളിൽ ഐശ്വര്യയുടെ കവിതകളൊഴുകി വരുന്നു.

''ജീവിതത്തിന്റെ മറുപുറങ്ങൾ എന്തെന്ന് അന്വേഷിക്കുന്നതും കവിതയാകും.

നഷ്ടമാക്കാൻ കഴിയാതെ ഹൃദയത്തോട് ഒട്ടി നില്ക്കുന്ന വിട്ടുപിരിയാനാവാത്ത ചില അന്വേഷണങ്ങളിലേക്ക് നമ്മെ എത്തിക്കുന്നു'' . പ്രശസ്തകവി ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ തന്റെ അവതാരികയിൽ ഐശ്വര്യയുടെ കവിതകളെ സസൂക്ഷ്മം വിലയിരുത്തുന്നു.

''അന്നു നീ തന്നോരു വെൺശംഖു ഞാനിന്നെൻ

കാതിലേക്കായി ചേർത്തു വച്ചു നിന്നീടവേ'' (ശംഖ് എന്ന കവിതയിൽ നിന്ന്)....

കൗതുകവും വാത്സല്യവും കടപ്പാടും വിഷാദവും പ്രതീക്ഷയും വിസ്മയം തീർക്കുന്ന നാല്പതു കവിതകളാൽ സമ്പന്നമായ സമാഹാരം,

''വിരലടയാളങ്ങൾ'' കൈരളിക്കു സമർപ്പിച്ച്

സഹൃദയലോകത്ത് ശ്രദ്ധേയയായ ബാങ്കർ.

ഈയാഴ്ചയിൽ അക്ഷരക്കൂട്ടിന്റെ ധ്വനി മന്ത്രണങ്ങൾക്കായി സമർപ്പിക്കുന്നു.

സസന്തോഷം

ടി.ഐശ്വര്യ,
ബാങ്ക് ഓഫ് ഇന്ത്യ,
പെരുമ്പാവൂർ ബ്രാഞ്ച്.

പത്തനംതിട്ടയിലെ തടിയൂർ എന്ന ഗ്രാമത്തിൽ 1993 ൽ കെ. തങ്കപ്പൻ- കെ ആർ.പത്മാവതി ദമ്പതികളുടെ മൂന്നു മക്കളിൽ ഏകമകളായി ജനനം. പിതാവ് കരസേനയിൽ നിന്ന് വിരമിച്ചു. മാതാവ് ഗൃഹഭരണത്തോടൊപ്പം കവിതയുടെ കഥയുടെ ലോകവും മകൾക്കായി ഒരുക്കിവച്ചു. അവർ ചൊല്ലിയാവിഷ്കരിച്ചു നല്കിയ ''പൂതപ്പാട്ടും'', ''മാമ്പഴവും'' പുരാണപാരായണവും കവിതയുടെ ഉറവകളായി ആഴത്തിലിരമ്പുന്നു- ആർദ്രതയോടെ കവി മനസ്സു തുറക്കുന്നു.

തടിയൂർ കാർമ്മൽ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (പത്താം ക്ലാസ് വരെ),

മല്ലപ്പള്ളി മാർ ഡയനേഷ്യസ് സ്കൂൾ

(പ്ലസ് ടു), പത്തനംതിട്ട ശ്രീബുദ്ധ കോളേജ് ഓഫ് എൻജീനിയറിംഗ് എന്നീ വിദ്യാലയങ്ങളിലെ പഠനത്തിലൂടെ ബി.ടെക് ബിരുദവും നേടി.

2018 ൽ IBPS ടെസ്റ്റിലൂടെ ബാങ്ക് ഓഫ് ഇന്ത്യ (BOI) യിൽ നിയമനം ലഭിച്ച് ബാങ്കറായി. ആദ്യ നിയമനം ആലപ്പുഴയിൽ.

ഇപ്പോൾ പെരുമ്പാവൂർ ബ്രാഞ്ചിൽ പ്രവർത്തിക്കുന്നു.

അമ്മയിൽ നിന്ന് മനഃപാഠമാക്കിയ കവിതകളുടെ അകമ്പടിയുമായി ലോകത്തേക്ക് മിഴിതുറന്നു. പത്താമത്തെ വയസ്സുമുതൽ മുടങ്ങാതെ ചെയ്യുന്ന അദ്ധ്യാത്മരാമായണപാരായണവും തന്റെ കാവ്യസപര്യയിൽ വെളിച്ചമേകുന്നു.

സ്കൂൾ ലൈെബ്രറിയിലെ സാഹിത്യശേഖരത്തിൽ നിന്നുൾക്കൊണ്ടതും അമ്മയിൽ നിന്നൂറിയ സ്നേഹസാഗരം പോലെ മധുരം.

മാർ ഡയനേഷ്യസിലെ പ്രിൻസിപ്പൽ ശ്രീമതി അനു ജോർജ്ജ് നല്കിയ പിന്തുണയും സാഹിത്യവഴിയിൽ മുതൽക്കൂട്ടായി.

സഹോദയ കലോത്സവങ്ങളിൽ കവിതാരചനക്കും പദ്യം ചൊല്ലലിനും പ്രബന്ധരചനയ്ക്കും സ്ക്കൂളിനെ മുൻനിറുത്തി സമ്മാനങ്ങൾ നേടി.

കോളേജ് പഠനകാലത്ത് അക്കാദമിക് പുസ്തകങ്ങളിലേക്കൊതുങ്ങിപ്പോയെങ്കിലും സരസകവി മൂലൂരിന്റെ സ്മാരകം തൊട്ടടുത്തായതിനാൽ കവിതാചോദനകളെ തൊട്ടുണർത്തുവാൻ സാധിച്ചു- ഐശ്വര്യ തന്റെ കാവ്യവഴികളെക്കുറിച്ചു

മനസ്സു തുറക്കുന്നു.

ബാങ്ക് ഓഫ് ഇന്ത്യയുടെ ആലപ്പുഴ ബ്രാഞ്ചിലെ സേവനകാലത്ത്

സെന്റ് റോസ് ഹോസ്റ്റലിൽ അന്തേവാസിയായത് ഭാഗ്യമായി കരുതുന്നു. തൊട്ടടുത്ത് മാതൃഭൂമി ബുക്ക് സ്റ്റാൾ ഉണ്ടായിരുന്നതുകൊണ്ട് മുടങ്ങിപ്പോയ വായനയെ തിരികെപ്പിടിക്കാനതു സഹായിച്ചു. പുതു പുസ്തകങ്ങളുടെ ശേഖരവും വായനയുടെ പുതുവാതായനങ്ങളും കൊണ്ട് സമ്പന്നമായ നാളുകൾ.

കോവിഡ് -19 ലോക്ഡൗൺ കാലത്തിന്റെ തുടക്കത്തിൽ - ഏപ്രിൽ 26, 2020- ആയിരുന്നു വിവാഹം. അങ്കമാലി മഞ്ഞപ്രയിലെ കലാസാഹിത്യസ്നേഹിയും പുരോഗമനകലാസാഹിത്യ സംഘത്തിന്റെ മഞ്ഞപ്ര യൂണിറ്റ് പ്രസിഡന്റുമായ ശ്രീ എം.വി.സതീഷ് ഐശ്വര്യയുടെ ജീവിതപങ്കാളിയായി. അങ്കമാലി നഗരസഭയിൽ സീനിയർ ക്ലർക്ക് ആണ് ശ്രീ സതീഷ്. എഴുത്തിന്റെ വഴിയിൽ പ്രോത്സാഹനം ഏറെ ലഭിച്ചു തന്റെ പുതുജീവിതസരണിയിൽ-

സംഭാഷണം തുടർന്നു.

മകൻ ഭഗത് (കുഞ്ഞിന് ഈ കഴിഞ്ഞ ദിവസം വിജയദശമി നാളിൽ ആദ്യാക്ഷരം കുറിച്ചു) ജനിച്ചശേഷം എഴുത്തിന് വേഗവും താളവും കൈവരുകയും ചെയ്തു.

ആദ്യമൊക്കെചില മാസികകളിൽ കവിതകൾ അച്ചടിച്ചുവന്നു. അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടു കൊണ്ട്

ചില മത്സരങ്ങളിലേക്ക് കവിതകളയച്ചു.

താനയച്ച കവിതകൾക്ക് അംഗീകാരങ്ങൾ ലഭിച്ചതും തുടർന്നെഴുത്തിന് കരുത്തേകി.

വായനയിലൂടെ സമ്പുഷ്ടമാക്കിയ ആസ്വാദനം സാഹിത്യസദസ്സുകളിലെ പ്രഭാഷകയായി മാറ്റുവാനും തന്നെ പ്രാപ്തയാക്കി.

മൂന്നാമത് പി. പി.നാരായണൻ പുരസ്കാരം ( മറുപുറങ്ങൾ),

വാമി പുരസ്കാരം (പുസ്തകാസ്വാദനത്തിന്),

2021ലെ തുഞ്ചത്ത് എഴുത്തച്ഛൻ സ്മാരക ഫെലോഷിപ്പ്,

ഓൾ കേരള ബാങ്ക് എംപ്ലോയീസ് ഫെഡറേഷന്റെ മുപ്പതാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ കവിതാമത്സരത്തിൽ രണ്ടാം സ്ഥാനം (കർഷക വിലാപങ്ങൾ),

2021 സാഹിത്യപ്രഭാ ഫെലോഷിപ്പ് ,

2022 ലെ കെ.എസ്. നന്ദിതാ സ്മാരക യുവപ്രതിഭാ ഗ്രാമീണ പുരസ്കാരം,

പുരോഗമന കലാസാഹിത്യസംഘത്തിന്റെ യുവപ്രതിഭാ പുരസ്കാരം

തുടങ്ങിയ അംഗീകാരങ്ങൾ നേടി.

ഒരു മണിക്കൂറിൽ നൂറ്റിപ്പന്ത്രണ്ടു ചെറുകവിതകൾ എഴുതുകവഴി കേരള ബുക്ക് ഓഫ് റിക്കോർഡ്സിലും

സ്ഥാനം നേടി.

സാഹിത്യസംഘം മാസിക, മക്താബ് ,കേരള വാർത്ത , മലയാളി മനസ്സ് പത്രങ്ങളിലും തസ്റാക്ക് ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളിലും തന്റെ കവിതകൾ അച്ചടിച്ചു വന്നതിന്റെ ആഹ്ലാദവും ഐശ്വര്യ പങ്കുവെയ്ക്കുന്നു.

2022 മെയ് 14 നായിരുന്നു ഐശ്വര്യയുടെ കവിതകളുടെ ആദ്യസമാഹാരം - ''വിരലടയാളങ്ങൾ'' പ്രസിദ്ധീകൃതമായത്.

കവി ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ അവതാരികയെഴുതി പ്രകാശനകർമ്മം നിർവഹിച്ചത് മഞ്ഞപ്രയിൽ വച്ചായിരുന്നു.

സാഹിത്യസദസ്സിന്റെ ആശീർവാദങ്ങളേറ്റു

വാങ്ങിയ സന്തോഷം ഐശ്വര്യയുടെ വാക്കുകളിൽ നിറയുന്നു. പുസ്തകത്തിന്റെ കവർ പേജുകളുടെ ഡിസൈനിംഗ് ചെയ്ത

പ്രശസ്ത ചിത്രകാരി -ശ്രീമതി ഷീനാ അനിൽകുമാർ- ഐശ്വര്യയുടെ സഹോദരഭാര്യ കൂടിയാണ്- പുസ്തകത്തിന്റെ അവസാന പേജിൽ നിറയുന്ന പെയിന്റിംഗിലൊരു സവിശേഷതയുണ്ട്- തന്റെ വിരലടയാളങ്ങളെ അന്വർത്ഥമാക്കുന്നു, ചേച്ചി ഹൃത്തോടു ചേർത്തു വച്ച ആ പെയിന്റിംഗിലൂടെ.

''എനിക്ക് ഒൻപതു വയസ്സുള്ളപ്പോൾ മുതൽ എന്നെ അറിയാവുന്നതും, അമ്മയുടെ സ്ഥാനം തന്നതുമായ ഈ കലാകാരി എന്റെ സ്വപ്നങ്ങൾക്കാണ് വർണ്ണങ്ങൾ ചാലിച്ചത്''- വിരലടയാളത്തിലെ ആമുഖത്തിൽ കുറിച്ച ഐശ്വര്യയുടെ വാക്കുകളിൽ മാതൃസ്നേഹം തുടിക്കുന്നു.

ഐശ്വര്യയുടെ മൂത്ത സഹോദരൻ ശ്രീ. അനിൽകുമാർ -സ്വാമി സത്യാനന്ദ സരസ്വതി വിദ്യാപീഠത്തിന്റെ (ചെറുകോൽപ്പുഴ) പ്രഥമ അധ്യാപകനായി പ്രവർത്തിക്കുന്നു. രണ്ടാമത്തെ സഹോദരൻ ശ്രീ.സുനിൽകുമാർ, സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്യുന്നു. അദ്ദേഹത്തിന്റെ ഭാര്യ സിമി എസ് - വലിയകുന്നം സെന്റ് മേരിസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും ജോലി ചെയ്യുന്നു.

കൃതഹസ്തയായ ഈ കവിക്ക് ആശംസ നേർന്നു കൊണ്ട്

ലേഖനരചനാവേളയിൽ ലഭിച്ച ഒരു ആശംസയും ചുവടെ ചേർക്കുന്നു-

''ഇനിയും പ്രിയപ്പെട്ട ഐശ്വര്യയുടെ കവയത്രിയുടെ വിരലുകൾ ചലിക്കട്ടെ ആഴത്തിൽ ഇനിയും മനുഷ്യ ഹൃദയങ്ങളിൽ നിങ്ങളുടെ വരികൾ വിരലടയാളങ്ങൾ പോലെ പതിയട്ടെ എന്നു ആശംസിക്കുന്നു''.(കവിയും TB യുടെ മുൻകാലദളവും- ഇപ്പോൾ BOI തെലങ്കാന സോണൽ ഓഫീസിൽ പ്രവർത്തിക്കുന്ന

ജോഫി ജോണിന്റേതാണ് സന്ദേശം)

തന്റെ രണ്ടാമത്തെ കവിതാസമാഹാരം (അടനയമ്പ്) കേരള സാഹിത്യ അക്കാദമിയിൽവച്ചു പ്രകാശനം ചെയ്യുവാനുള്ള തയ്യാറെടുപ്പിലാണ് ഐശ്വര്യയിപ്പോൾ. രചനയോടൊപ്പം പ്രിയപ്പെട്ടതാണ് പുസ്തകങ്ങൾക്ക് ആസ്വാദനം തയ്യാറാക്കുന്നതും; പ്രശസ്തരായ മിക്ക എഴുത്തുകാരും അങ്ങനെ സൗഹൃദയപട്ടികയിലുള്ളതും തന്റെ എഴുത്തിന്റെ വഴിയിലെ കരുത്താണ്.

BOI പെരുമ്പാവൂർ ബ്രാഞ്ചിലെ
സഹപ്രവർത്തകർ സഹോദരസ്നേഹത്തോടെ തന്നെ
ചേർത്തുപിടിക്കുന്നു,

കുടുംബാംഗങ്ങളേവരും കുഞ്ഞു ഭഗത്തിന്റെ കൊഞ്ചലും ഒത്തു ചേർന്ന സംഘം തനിക്ക് പിന്തുണയുമായി നില്ക്കുന്നു.

ഈ കഴിഞ്ഞ ആഴ്ചയിൽ ''ആകാശവാണി' യിലെ 'യുവവാണി' പ്രതിഭാസംഗമം പരിപാടിയിൽ അതിഥിയായെത്തി അഭിമുഖം നല്കുവാനും കഴിഞ്ഞു- നവംബർ ആദ്യവാരം പ്രക്ഷേപണം ചെയ്യുന്ന പരിപാടികേൾക്കാനും നമുക്ക് കാത്തിരിക്കാം.

സാഹിത്യസപര്യയുടെ വഴിയിൽ ഐശ്വര്യക്കും കുടുംബാംഗങ്ങൾക്കും സർവൈശ്വര്യങ്ങളും ആശംസിച്ചുകൊണ്ട്

ടാലന്റഡ് ബാങ്കേഴ്സ്

---

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------------

We are familiar with Aiswarya. T through her short poems that ripple smoothly over our TB page. And her collection of poems that reflect a plethora of emotions.

T. Aiswarya
Bank of India
Perumbavoor branch

She was born to Sri. K. Thankappan and Smt. K.R.Padmavathi in the Thadiyoor village of Pathanamthitta, and has two brothers. Her father retired from the Indian Army. Aiswarya and her brothers grew up listening to the “Poothappaatu”, “Mambazham” and the Puranas recited by their mother.

She studied in the Thadiyoor Carmel Convent English Medium School till the 10th grade, did her 12th grade from the Mallappally Mar Dionysius School and BTech from the Pathanamthitta Sree Buddha College of Engineering. She joined the Bank of India in 2018 with her first posting in Alapuzha. Presently she is working in the Perumbavoor branch of the bank.

She was inspired by her mother’s love for poetry. She also read Adhyaatma Ramayana every year from the age of ten, and was a regular visitor of the school library - this too may have contributed to her success as a poet. She was encouraged by her Principal at the Mar Dionysius, Smt. Anu George.

She participated in poetry writing, recitation and essay writing representing her school at the Sahodaya Youth Festivals, and won prizes. Though she concentrated on her studies while at college, the poetry in her lived on as the memorial of the humour poet, Muloor S. Padmanabha Panicker was nearby. While working in the BOI Alapuzha branch, she was fortunate to stay in the St.Rose hostel which was next to the Mathrubhoomi book stall. She started collecting and reading new books.

She was married to Sri. M.V.Satheesh, a connoisseur of culture and literature who works as a senior clerk at the Angamali Municipal Corporation, on 26.04.2020, in the beginning of lockdown period. He is a constant pillar of support for the writer in her. And her writing built pace after the birth of her son, Bhagat.

Her poems got published in a few magazines that prompted her to participate in poetry writing competitions and win prizes. Her vast and deep reading gave her the confidence to speak at various literary meetings.

She won various awards and prizes: third P.P.Narayan puraskaaram(Marupurangal), Vaami puraskaaram (for book review), 2021 Thunjath Ezhuthachan smaraka fellowship, 2nd prize for poetry writing competition (Karshaka vilaapangal) at the 30th State conference of All Kerala Bank Employees Federation, 2021 Sahityaprabha fellowship, 2022 K.S.Nanditha smaraka yuvaprathibha grameena puraskaaram, and purogamana kalasahitya sangham yuvaprathibha

puraskaaram. She also got mentioned in the Kerala book of records for writing 112 short poems within an hour.

Her poems were published in a number of magazines like Sahitya sangham, Maktab, Kerala Vartha, Malayali manassu and Thasrak. Her first collection of poems - 'Viraladayaalangal' was published on May 14, 2022. The famous artist, Smt. Sheena Anilkumar who is Aiswarya's sister-in-law, designed the cover page and the painting on the last page of the book which reflects her 'Viraladayaalangal' - fingerprints…

Aiswarya's elder brother Sri. Anilkumar is the headmaster of Cherukolpuzha Swami Satyananda Saraswathi Vidya Peedom; and the other, Sri. Sunilkumar works in a private firm. His wife Simi. S is working at the Valiyakunnom St. Mary's Vocational Higher Secondary School.

Our poet is readying herself for the publication of her second collection of poems (Adanayambu) at the Kerala Sahitya Academy. She is as passionate about writing book reviews too. The friendship of writers thus earned also motivates her. She remembers how her colleagues at the Perumbavoor branch, and her family protectively hold and support her.

Last week she gave an interview to the 'Yuvavani' Prathibhasangamam programme of the Akasavani. Let us all wait to hear the programme that would be aired in the first week of November.

We take this opportunity to wish Aiswarya and her family all happiness and prosperity in the future.